കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ഡോ. കെ.ആർ.ഷൈജു (പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, എസ്.എൻ.വി.എച്ച്.എസ്.എസ്, ആനാട്, നെടുമങ്ങാട്) -ന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.416/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം,13/02/2021.

---

പരാമർശം:- 1. 10.05.2013 തീയതിയിലെ 42/2013/Fin നം. സർക്കുലർ
2. 28.11.2013 തീയതിയിലെ സ.ഉ.(പി) നം. 580/2013/ധന.
3. 27.02.2017 -ലെ സ.ഉ.(സാധാ) നം.552/2017/ത.സ്വ.ഭ.വ.
4. 21.04.2018 -ലെ സ.ഉ.(സാധാ) നം.1153/2018/ത.സ്വ.ഭ.വ.
5. 06.03.2019 -ലെ സ.ഉ.(സാധാ) നം.536/2019/ത.സ്വ.ഭ.വ.
6. 16.03.2020 -ലെ സ.ഉ.(സാധാ) നം.627/2020/ത.സ്വ.ഭ.വ.
7. കുടുംബശ്രീ ഡയറക്ടറുടെ 02.02.2021-ലെ 2262/ഇ 1/2017/കെ.എസ്.എച്ച്.ഒ. നമ്പർ കത്ത് .

<u>ഉത്തരവ്</u>

ഡോ. കെ.ആർ.ഷൈജു (പ്രിൻസിപ്പൽ ഇൻ ചാർജ്ജ്, എസ്.എൻ.വി.എച്ച്.എസ്.എസ്, ആനാട്, നെടുമങ്ങാട്) -നെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷൻ ഓഫീസിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിക്കുകയും പരാമർശം (4), (5), (6) പ്രകാരം ടിയാളുടെ അന്യത്രസേവന കാലാവധി 29.02.2021 വരെ ദീർഘിപ്പിച്ചു നൽകുകയും ചെയ്തിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 29.02.2021 -ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 01.03.2021 മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (7) -ലെ കത്ത് പ്രകാരം കുടുംബശ്രീ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ. കെ.ആർ.ഷൈജു -ന്റെ കുടുംബശ്രീ തിരുവനന്തപുരം ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്ര സേവന കാലം കേരള സർവ്വീസ് റൂൾ ഭാഗം-1 ചട്ടം140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 01.03.2021 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

**ഹരികുമാർ എ.എസ്.**
**അണ്ടർ സെക്രട്ടറി**

കുടുംബശ്രീ ഡയറക്ടർ, തിരുവനന്തപുരം
ഡോ.കെ.ആർ.ഷൈജു ( ഡയറക്ടർ ജനറൽ എഡ്യൂക്കേഷൻ, ഹയർസെക്കന്ററി വിംഗ്, തിരുവനന്തപുരം മുഖേന)

ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഹയർ സെക്കന്ററി വിഭാഗം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ)/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ